LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് തൊണ്ടയാട് ബൈപ്പാസ് ജംഗ്ഷനിൽ ഫ്ളൈ ഓവറിനുവേണ്ടി സ്ഥലവർണ്ണന (Topographic Survey) സർവ്വേയും മണ്ണ് പരിശോധനയും പൂർത്തീകരിച്ചു എരഞ്ഞിപ്പാലം ജംഗ്ഷനിൽ ഫ്ളൈഓവറിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായുള്ള ഭരണാനുമതി 7-8-2013-ലെ CE/R&B/Investigation/KKD/9309 /2013 പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

കൊയിലാണ്ടി പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്

378 (1436) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതിചെയ്യുന്ന പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് നിലവിൽ വന്നത് എപ്പോഴാണ്; ഈ കെട്ടിടത്തിന് എത്രവർഷത്തെ കാലപ്പഴക്കമുണ്ട്;

(ബി) റെസ്റ്റ് ഹൗസിലെ വി.ഐ.പി. മുറികളും, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാഷണൽ ഹൈവേയിൽ ജനപ്രതിനിധികൾക്കും വി.ഐ.പി.-കൾക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും പ്രയോജനകരമായ ഈ റെസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ മുമ്പ് സ്ഥലം എം.എൽ.എ. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും റെസ്റ്റ് ഹൗസ് നവീകരിക്കാൻ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നു വിശദമാക്കുമോ;

(ഡി) റെസ്റ്റ് ഹൗസ് നവീകരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് 1986 ഡിസംബർ 26-നാണ് നിലവിൽ വന്നത്. പ്രസ്തുത കെട്ടിടത്തിന് 28 വർഷം പഴക്കമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) നവീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്.